കരുതൽ സ്റ്റോക്കുമുണ്ട്. കോഴിക്കോട് ആകെ 703 പേരാണ് ഇപ്പോഴുള്ളത്. അവിടത്തെ ബെഡ്സ് ട്രെങ്ത്ത് ഏതാണ്ട് നാനൂറിൽ ചിലപ്പോൾ മുണ്ട്. 703 രോഗികളുണ്ട്. അവിടേയും ആവശ്യത്തിനുള്ള സാധനങ്ങളെല്ലാം വിതരണം ചെയ്തു കഴിഞ്ഞു. ഇനി ആവശ്യമായി വന്നാൽ കൊടുക്കാനായിട്ടുള്ള സ്റ്റോക്കുണ്ട്. അവിടെ 44 ക്രിമിനൽസും 77 സിവിൽസും 552 പേർ പുറത്തു നിന്ന് വന്നവരുമായിട്ടുണ്ട്. ഇവർക്ക് ആവശ്യമായ സാധനങ്ങൾ സപ്ലൈ ചെയ്തു കഴിഞ്ഞു ചില റിപ്പയർ വർക്കുകൾ പൂർത്തിയാക്കാനുണ്ട്. അതു നടന്നുകൊണ്ടിരിക്കുന്നു.

ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി

*375 [394] ശ്രീ. പി. ടി. കുഞ്ഞുട്ടി ഹാജി:

ശ്രീ. പി. ബി. ആർ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്തകൊല്ലം ഏതെല്ലാം ഗ്രാമങ്ങളിൽ ഗ്രാമീണ ശുദ്ധജല പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നു;

(ബി) നടപ്പു സാമ്പത്തിക വർഷം ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾക്കായി സംസ്ഥാനം സാമ്പത്തിക സഹായമായി എന്തു തുക കേന്ദ്രത്തോട് ആവശ്യപ്പെടുകയുണ്ടായി;

(സി) ഇക്കാര്യത്തിൽ ഏതെല്ലാം സ്കീമുകൾ സംസ്ഥാന സർക്കാർ തയ്യാറാക്കി കേന്ദ്ര ശ്രദ്ധയിൽ പെടുത്തി;

(ഡി) കേന്ദ്രം എന്തു തുക ഗ്രാൻറായി അനുവദിക്കുകയുണ്ടായി;

(ഇ) ഇപ്രകാരം അനുവദിച്ച തുക ഏതെല്ലാം പദ്ധതികൾക്കായി പബ്ലിക് ഹെൽത്ത് ഇഞ്ചിനീയറിംഗ് വകുപ്പ് വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ): (എ) അടുത്ത വർഷം പുതുതായി നടപ്പാക്കാനുള്ള പദ്ധതികളെപ്പറ്റിയുള്ള ഒരു അന്തിമതീരുമാനം ഇതുവരെ എടുത്തിട്ടില്ല.

(ബി) ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾക്കുവേണ്ടി കേന്ദ്ര ഗവൺമെൻറിനോട് ഒരു നിശ്ചിത തുകയുടെ ധനസഹായം സംസ്ഥാന ഗവൺമെൻറ് ആവശ്യപ്പെടാറില്ല. കേന്ദ്ര ഗവൺമെൻറാണ് ഓരോ സംസ്ഥാനങ്ങൾക്കുമുള്ള തുക നിശ്ചയിക്കുന്നത്.

(സി) ഈ സാമ്പത്തിക വർഷത്തിൽ 93 ഗ്രാമീണ ശുദ്ധജല വിതരണപദ്ധതികളുടെ അനുമതിക്കുവേണ്ടി കേന്ദ്ര സർക്കാരിനോട് അപേക്ഷിച്ചതിൽ 89 പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. (ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്) †

(ഡി) കേന്ദ്രസർക്കാർ 260 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

† അനുബന്ധം I.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കേന്ദ്രഗവൺമെൻറ് അനുമതി നൽകിയിട്ടുള്ള 186 ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളും നടപ്പിലാക്കാൻ വേണ്ടിയാണ് ഈ തുക വിനിയോഗിക്കുന്നത്. (ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്) †

ശ്രീ പി. ടി. കുഞ്ഞുട്ടി ഹാജി: പണമില്ലാത്തതു കാരണം മലപ്പുറം ജില്ലയിൽ പല പദ്ധതികളും സ്തംഭിച്ചിരിക്കുകയാണ്. അടുത്ത കൊല്ലം പുതിയ പദ്ധതികളും എടുക്കുമ്പോൾ മൽസ്യത്തൊഴിലാളികളും തിങ്ങിത്താമസിക്കുന്ന സ്ഥലങ്ങൾക്ക് മുൻഗണന നൽകാൻ തയ്യാറാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: ഇപ്പോൾ എടുത്ത സ്ഥലങ്ങളിലും മൽസ്യത്തൊഴിലാളികളും തിങ്ങിത്താമസിക്കുന്ന സ്ഥലങ്ങളുണ്ട്. അടുത്തവർഷവും ഈ പദ്ധതി നടപ്പാക്കുന്നതിന് സ്ഥലം തിരഞ്ഞെടുക്കുമ്പോൾ മൽസ്യത്തൊഴിലാളികളും തിങ്ങിത്താമസിക്കുന്ന സ്ഥലവും എടുക്കും.

ശ്രീ. എ. നീലലോഹിത ദാസൻ നാടാർ: കേന്ദ്ര സഹായത്തോടുകൂടി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളും എന്നു തുടങ്ങുമെന്നു വ്യക്തമാക്കാമോ?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളും ആരംഭിച്ചു കഴിഞ്ഞു. പലതും പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. ചിലതു പ്രവർത്തനത്തിലിരിക്കുകയുമാണ്.

ശ്രീ. എ. നീലലോഹിതദാസൻ നാടാർ: പല പദ്ധതികളും ചുവപ്പുനാടയിൽ കുടുങ്ങി കിടക്കുകയാണെന്നറിയാമോ? അതുകൊണ്ട് അത് ഉടൻ തന്നെ ആരംഭിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: ചുവപ്പു നാടയിൽ പെട്ട് കുടുങ്ങാതിരിക്കാൻ ഗവൺമെൻറ് ശ്രദ്ധിക്കുന്നതാണ്.

ശ്രീ. പിണറായി വിജയൻ: തലശ്ശേരി-കണ്ണൂർ ശുദ്ധജല ലൈൻ കീഴല്ലൂരിൽ നിന്നാണ് കൊണ്ടുവരുന്നത്. ആ ലൈനിൽ നിന്നു വഴിക്കുള്ള പഞ്ചായത്തുകളിൽ ശുദ്ധജല വിതരണം നടത്താൻ വേണ്ട ഏർപ്പാട് ചെയ്യുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: ഇത് സെൻട്രൽ ഗവൺമെൻറിൻെറ സ്കീമാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞകാര്യം ശ്രദ്ധിക്കാം.

ശ്രീ. ആർ. സുന്ദരേശൻ നായർ: ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളും നടപ്പിലാക്കിയിട്ടുള്ള പല സ്ഥലത്തും തുടർച്ചയായി മതിയായ ആവശ്യത്തിന് വെള്ളം കൊടുക്കാൻ കഴിയുന്നില്ല. പമ്പു സെറ്റുകളും ചീത്തയായിപ്പോകുന്നതാണ് കാരണം. പമ്പുസെറ്റുകൾക്ക് 15 വർഷത്തെ ഗ്യാരണ്ടിയാണുള്ളതെന്നു മനസ്സിലാക്കി ഒരു ഫോസ്ഡ് പ്രോഗ്രാം വച്ച് പമ്പുസെറ്റുകളും മാറിയതിനുശേഷം പുതിയ സ്ഥലങ്ങളിൽ ഈ പദ്ധതി ആരംഭിക്കുന്നതിനുള്ള ഒരു പരിപാടി ആവിഷ്കരിക്കുമോ?

---

† അനുബന്ധം I.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: പമ്പുസെറ്റുകൾ കേടു വരുന്നതനുസരിച്ച് നന്നാക്കുകയല്ലാതെ മുഴുവൻ മാറിയതിനുശേഷം പുതിയ സ്ഥലങ്ങളിൽ ജല വിതരണം നടത്താവൂ എന്ന പരിപാടി ആവിഷ്കരിക്കാൻ സാധിക്കുകയില്ല.

ശ്രീ. വട്ടിയൂർക്കാവ് രവി: തിരുവനന്തപുരത്തെ ആഗ്മെന്റേഷൻ സ്കീമിന്റെ പണി എന്നു പൂർത്തിയാക്കാൻ കഴിയും? അതോടൊപ്പം തിരുവനന്തപുരത്തെ സമീപ പ്രദേശങ്ങളിൽകൂടി ഈ പദ്ധതി നടപ്പിലാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: തിരുവനന്തപുരം പട്ടണത്തിൽ ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കാൻ നിവൃത്തിയില്ല. അതിനു വേറെ പദ്ധതിയുണ്ട്.

ശ്രീ. ടി. എ. മജീദ്: റൂറൽ വാട്ടർ സപ്ലൈ ബോർഡ് രൂപീകരിച്ചാൽ എൽ. ഐ. സി. യിൽ നിന്നു ലോൺ കിട്ടുമെന്നുള്ള സാഹചര്യത്തിൽ ആ ബോർഡ് രൂപീകരിക്കുന്നതിനുള്ള കാല വിളംബത്തിന് കാരണമെന്താണ്?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: ഇത് സെൻട്രൽ ഗവൺമെന്റിന്റെ ഒരു സ്കീമാണ്. ബോർഡിനെ സംബന്ധിച്ച് രണ്ടു തവണ ഈ സെക്ഷനിൽ ചോദ്യമുണ്ടായിട്ടുണ്ട്. അതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

ഡോക്ടർ ജോർജ് മാത്യു: മൂന്നു വർഷമായി തുടരെ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന കോഴഞ്ചേരി ശുദ്ധജലവിതരണ പദ്ധതിയുടെ കാര്യം ശ്രദ്ധിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ശ്രദ്ധിക്കാം.

ശ്രീ. വി. ജെ. ജോസഫ്: ശുദ്ധജല വിതരണ പദ്ധതിക്കുവേണ്ടി നീക്കി വയ്ക്കുന്ന തുകയിൽ 10 ശതമാനം ഗിരിജനങ്ങളും ഹരിജനങ്ങളും തിങ്ങിത്താമസിക്കുന്ന പ്രദേശങ്ങളിൽ വിനിയോഗിക്കണമെന്നു തീരുമാനമെടുത്തിട്ടുണ്ട്. അങ്ങനെ പത്തു ശതമാനം തുക ഹരിജനങ്ങളും ഗിരിജനങ്ങളും താമസിക്കുന്ന സ്ഥലങ്ങളിൽ ശുദ്ധജല വിതരണ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് ചെലവാക്കിയിട്ടുണ്ടോ? ഇല്ലെങ്കിൽ ഭാവിയിലെങ്കിലും അതിനുള്ള പരിപാടികൾ സ്വീകരിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: ഈ പരിപാടി സെൻട്രൽ ഗവൺമെന്റ് നേരിട്ട് സെലക്ടു ചെയ്യുന്നതാണ്. അതിൽ സംസ്ഥാന ഗവൺമെന്റിന് പങ്കില്ല.

ശ്രീ. പി. ആർ. ഫ്രാൻസിസ്: പല സ്ഥലങ്ങളിലും ഗ്രാമീണ ശുദ്ധജല വിതരണ പരിപാടികളുടെ പ്രവർത്തനത്തിന് ആരംഭമിട്ടിട്ട് മുഴുമിപ്പിക്കാത്ത സ്ഥലങ്ങളുണ്ട്. ഏതാണ്ട് രാമേശ്വരത്തെ ക്ഷൗരം പോലെയാണ് ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളുടെ പ്രവർത്തനം. അതുകൊണ്ട് ആരംഭിച്ച പണികളുടെ പ്രവർത്തനം മുഴുമിപ്പിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ഈ പദ്ധതികളുടെ പ്രവർത്തനം രാമേശ്വരത്തെ ക്ഷൗരം പോലെ വരാതിരിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. എന്നുവച്ച് ഒരു പദ്ധതി ആരംഭിച്ചിട്ട് അതു പൂർത്തിയാക്കുന്നതിനു മുമ്പ് വേറെ സ്ഥലത്തു പദ്ധതി ആരംഭിക്കാതിരിക്കാൻ സാദ്ധ്യമാകുകയില്ല. പല സ്ഥലത്തും പദ്ധതി ഒന്നിച്ച് ആരംഭിക്കുകയും അതു മുഴുമിപ്പിക്കുകയും ചെയ്യും.

ശ്രീ. കെ. ടി. കുമാരൻ: സ്പെഷ്യൽ പ്രോഗ്രാമനുസരിച്ച് ഹരിജൻ കോളനികളിൽ ശുദ്ധജല വിതരണത്തിനുള്ള വല്ല പരിപാടിയുമുണ്ടോ? അങ്ങനെ പരിപാടിയുണ്ടെങ്കിൽ ബന്ധപ്പെട്ട പഞ്ചായത്തുകളിൽ കിടക്കുന്ന കോളനികളിൽ. ആ പഞ്ചായത്തുകൾകൂടി പകുതിസംഖ്യ അടച്ചാൽ മാത്രമേ ഇത്തരം ശുദ്ധജല വിതരണ പദ്ധതികൾ നടപ്പാക്കാൻ കഴിയുകയുള്ളു എന്നു വല്ല നിബന്ധനയും കൊടുത്തിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: സെൻട്രൽ ഗവൺമെന്റ് നടത്തുന്ന സ്കീമിന് ആ മാതിരി നിബന്ധനയൊന്നുമില്ല.

ശ്രീ. കെ. സുകുമാരനുണ്ണി: പാലക്കാട് ജില്ലയിൽ ചെർപ്പുളശ്ശേരി, നെല്ലായി, വെള്ളിനേഴി, തൃക്കിടിരി എന്നീ നാലു പഞ്ചായത്തുകൾക്കായി തൂതപ്പുഴയിൽനിന്ന് വെള്ളം കൊണ്ടുവന്നു ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ട് പണം കെട്ടിവച്ച് നിവേദനം സമർപ്പിച്ചിട്ട് ആറേഴു വർഷമായി. ഈ നാലു പഞ്ചായത്തുകൾകൂടി യോജിച്ചുകൊണ്ട് ആവശ്യപ്പെട്ടിട്ടുള്ള ഈ ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയുടെ പ്രവർത്തനം എപ്പോൾ തുടങ്ങും? ഈ പദ്ധതി നടപ്പിലാക്കുന്ന കാര്യത്തിൽ മുൻഗണന നൽകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ഇത് കേന്ദ്രഗവൺമെന്റിന്റെ ശുദ്ധജലവിതരണ പദ്ധതിയെ സംബന്ധിച്ചുള്ള ചോദ്യമാണ്. വേറെ നിവേദനം തരുന്നപക്ഷം അതേപ്പറ്റി അന്വേഷിച്ച് അതിന്റെ പൊസിഷൻ പറയാം.

ശ്രീ. ആര്യാടൻ മുഹമ്മദ്: കേരളത്തിലെ ഗ്രാമീണരായ ലക്ഷക്കണക്കിന് ആളുകൾ ഗൾഫ് രാജ്യങ്ങളിൽ അധിവസിക്കുന്നുണ്ട്. അവർക്ക് ശുദ്ധജലം എത്തിക്കാനുള്ള വല്ല പരിപാടിയും ഗവൺമെന്റിനുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ഗൾഫ് രാജ്യങ്ങളിൽ കടൽവെള്ളം ശുദ്ധീകരിക്കുന്നതിനുള്ള പരിപാടികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾക്ക് സംസ്ഥാന ഗവൺമെന്റ് ഈ വർഷം എൽ. ഐ. സി.-യിൽ നിന്ന് വല്ല വായ്പാ സഹായത്തിനും അപേക്ഷിച്ചിട്ടുണ്ടോ? അങ്ങനെ അപേക്ഷിച്ചിട്ടുണ്ടെങ്കിൽ എത്ര സംഖ്യ ലഭിച്ചു? അപേക്ഷിച്ചിട്ട് സംഖ്യകിട്ടാത്ത വല്ല സംഭവവും ഉണ്ടായിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: എൽ. ഐ. സി. യിൽ നിന്ന് കേരള ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ശുദ്ധജല വിതരണ പദ്ധതികൾക്ക് എത്രതുക അനുവദിച്ചിട്ടുണ്ടെന്നുള്ളത് നോട്ടീസു

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ പറയാൻ കഴിയുകയില്ല. ഇപ്പോൾ ഇവിടത്തെ ചോദ്യം സെൻട്രൽ ഗവൺമെൻറ് നടത്തുന്ന പദ്ധതികളെകുറിച്ചാണ്.

ശ്രീ. പി. കരുണാകരൻ: ഈ പദ്ധതി സെൻട്രൽ ഗവൺമെൻറ് നേരിട്ടു സെലക്ഷൻ ചെയ്യുന്നത് എന്നാണ് പറഞ്ഞത്. ഇതിന് എടുക്കുന്ന മാനദണ്ഡം എന്താണ്? പഞ്ചായത്തുകളുടേയോ, ബ്ലോക്കുകളുടേയോ നിർദ്ദേശമനുസരിച്ചാണോ? അതോ സ്റ്റേറ്റ് ഗവൺമെൻറ് നിർദ്ദേശിക്കുന്നതനുസരിച്ചാണോ?

ശ്രീ., സി. എച്ച്. മുഹമ്മദ്കോയ: സെൻട്രൽ ഗവൺമെൻറ് ആവശ്യപ്പെടുന്നതനുസരിച്ച് അവരാണ് സെലക്ഷൻ നടത്തുന്നത്. ഇതൊരു സ്പെഷ്യൽ പദ്ധതിയാണ്. അതല്ലാതെ കേരള ഗവൺമെൻറിൻെറ പദ്ധതിയുമുണ്ട്; ഗ്രാമീണ ബോർഡിൻെറ പദ്ധതിയുമുണ്ട്. ഈ പദ്ധതികൾക്കെല്ലാം പുറമേയാണ് സെൻട്രൽ ഗവൺമെൻറിൻെറ ഈ പദ്ധതി.

ശ്രീ. സേവ്യർ അറയ്ക്കൽ: ഈ പദ്ധതിയനുസരിച്ച് കേന്ദ്ര ഗവൺമെൻറിൽനിന്നു കിട്ടിയിട്ടുള്ള തുക എത്രയാണെന്നു പറയാമോ? അതുമുഴുവൻ ഈ നടപ്പു സാമ്പത്തിക വർഷത്തിൽ ഉപയോഗിക്കുമോ? വല്ലതും ലാപ്സായിപ്പോയിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: 260 ലക്ഷം രൂപ ഈ കൊല്ലം അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം 100 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതൊന്നും ലാപ്സായിപ്പോകുകയില്ല.

ശ്രീ. ഇ. അഹമ്മദ്: കേന്ദ്രഗവൺമെൻറിൽ നിന്നു കിട്ടുന്ന പണം എത്രയാണോ അത്രയുംതന്നെ മാച്ചിംഗ് ഗ്രാൻറുകൂടി സംസ്ഥാന ഗവൺമെൻറ് ചെലവഴിക്കേണ്ടേ?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ഈ സ്കീമാണെങ്കിൽ മുഴുവൻ ചെലവും കേന്ദ്രഗവൺമെൻറാണ് വഹിക്കുന്നത്.

ശ്രീ. എം. വി. രാഘവൻ: ശുദ്ധജല വിതരണ പദ്ധതികൾക്കുള്ള കേന്ദ്രഗവൺമെൻറിൻെറ സ്കീം എത്ര ലക്ഷം രൂപക്കുള്ളതാണ്? പത്തു ലക്ഷം രൂപയാണെന്നാണ് തോന്നുന്നത്. അതിനു മുകളിലുള്ളത് ഇതിൽ പെടുമോ? തളിപ്പറമ്പ് ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി ഇതിൽ പെടുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: അത് ഇതിൽ പെടുകയില്ല. കേരള ഗവൺമെൻറ് നടത്തുന്ന പദ്ധതിയാണ്. സെൻട്രൽ ഗവൺമെൻറിൻെറ ഒരു സ്കീം പ്രകാരം സെലക്ഷൻ നടത്തി ലിസ്റ്റു തയ്യാറാക്കി നടത്തുന്നതാണ് ഈ പദ്ധതി.

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: കുന്നംകുളം-ഗുരുവായൂർ ലൈനിൽനിന്നു കണക്ഷൻ എടുത്ത് കാട്ടകാമ്പാൽ, കടവല്ലൂർ പഞ്ചായത്തുകളിൽ ശുദ്ധജല വിതരണം നടത്താൻ വളരെയധികം എളുപ്പമുള്ളതുകൊണ്ട് അത്തരം ഒരു പദ്ധതി ആവിഷ്കരിച്ച് ഇതിൽ ഉൾപ്പെടുത്താൻ വേണ്ട നടപടിയെടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: ഈ പദ്ധതിയിൽ ഉൾക്കൊള്ളിക്കാൻ നിവൃത്തിയില്ല. വേറെ പദ്ധതിയിൽ ഉൾക്കൊള്ളിക്കുന്ന കാര്യം ആലോചിക്കാം.

ഗവൺമെൻറ് ആശുപത്രികളിലേക്കുവേണ്ട മരുന്നുകൾ

* 376 [395] ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി:

ശ്രീ. എ. എ. റഹീം:

ശ്രീ. തെന്നല ബാലകൃഷ്ണപിള്ള:

ശ്രീ. കെ. രാഘവൻ മാസ്റ്റർ:

ശ്രീ. പുക്കം പുരുഷോത്തമൻ:

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള:

ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെൻറ് ആശുപത്രികളിലേക്കുവേണ്ട മരുന്നുകൾ വാങ്ങുന്നതാരാണ്;

(ബി) സ്വകാര്യ വ്യക്തികൾ മുഖേനയും സ്ഥാപനങ്ങൾ മുഖേനയും മരുന്നുകൾ വാങ്ങുന്നതെത്ര വീതം;

(സി) ഈ ഇനത്തിൽ മൊത്തം ചെലവാക്കിയ സംഖ്യ എത്ര?

പൊതുജനാരോഗ്യവകുപ്പു മന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ) ആയുർവ്വേദം, ഹോമിയോ, ഹെൽത്ത് സർവ്വീസസ് എന്നീ വകുപ്പുകൾക്ക് ആവശ്യമുള്ള മരുന്നുകൾ നിലവിലുള്ള ചട്ടങ്ങൾക്കു വിധേയമായി അതാതു വകുപ്പുകൾ മുഖേനയാണ് വാങ്ങുന്നത്.

(ബി) ഹെൽത്ത് സർവ്വീസിനാവശ്യമുള്ള മരുന്നുകൾ, ടെൻഡർ സിസ്റ്റമനുസരിച്ച് വിവിധ സ്ഥാപനങ്ങളിൽനിന്നും വാങ്ങുന്നു. കെ. എസ്. ഡി. പി., ആലപ്പുഴ, ഐ. ഡി. പി. എൽ., എച്ച്. എ. എസ്. എന്നീ പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും മരുന്നുകൾ നേരിട്ടു വാങ്ങാറുണ്ട്. ഇതു കൂടാതെ അത്യാവശ്യ സന്ദർഭങ്ങളിൽ മരുന്നുകൾ അപ്പപ്പോൾ ലോക്കൽ പർച്ചേസസ് ചട്ടപ്രകാരം വാങ്ങാറുണ്ട്. 1977-78-ൽ മൊത്തം 3,08,09,539 രൂപയുടെ മരുന്നുകളും ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. ഇതിൽ ഗവൺമെൻറു സ്ഥാപനങ്ങളിൽനിന്നു 1,39,75,077.23 രൂപയ്ക്കു വിലയ്ക്കും ബാക്കി 1,68,24,462.15 ടെൻഡർ വിളിച്ചുമാണ് വാങ്ങിയത്. ആയുർവ്വേദ ഡിപ്പാർട്ടുമെൻറിൽ 1977-78 വർഷത്തിൽ ടെൻഡർ സിസ്റ്റമനുസരിച്ച് 4,89,000 രൂപയുടെ പച്ചമരുന്നും അങ്ങാടി മരുന്നുകളും സ്വകാര്യ വ്യക്തികളിൽനിന്നും വാങ്ങിയിട്ടുള്ളതുകൂടാതെ 51,60,454 രൂപയുടെ മരുന്നും വാങ്ങിയിട്ടുണ്ട്. ഹോമിയോ ഡിപ്പാർട്ടുമെൻറിൽ ടെൻഡർ സിസ്റ്റം

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

9.3.1979 - ലെ നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 375 [394] കാണുക.

APPENDIX A

LIST OF SCHEMES UNDER ACCELERATED RURAL WATER SUPPLY PROGRAMME 1978.79

Sl. No. *Name of Scheme*

TRIVANDRUM DISTRICT

1. Cherunniyoor
2. Elakamon
3. Kalliyoor and Thiruvallam
4. Pallichal
5. Pullampara
6. Vattiyoorkavu
7. Vellanad
8. Kuttichal
9. Narayamuttom
10. Muttacaud
11. Navaikulam
12. Poozhikunnu

QUILON DISTRICT

13. Chittumala
14. Ezhukone
15. Kareepra
16. Mallapuzhasserry
17. Mynagapally
18. Thodiyoor
19. Thrikkaruva
20. Vettikavala
21. Aravappalam
22. Kadamanthitta
23. Kadampanad
24. Kolakode
25. Kalluvathukkal
26. Koikkal
27. Konni
28. Koonayil
29. Mayyanad
30. Nedumpana
31. Parippalli
32. Ranni Angadi
33. Ranni—Perinad

ALLEPPEY DISTRICT

34. Chenneerkara-Mazhuveli
35. Kottamkaitha-Kumarapuram
36. Noornad
37. Pallithode
38. Pandanad
39. Perumpa
40. Marayikulam (North)
41. Mulakuzha

KOTTAYAM DISTRICT

42. Kumarakom
43. Lakkattoor
44. Nattakom
45. Thottakadu

IDUKKI DISTRICT

46. Vagamon
47. Valiyakandom
48. Vattavada

LIBRARY ARCHIVES Kerala Legislative Assembly

APPENDIX A—(*Cont.*)

Sl. No. *Name of Scheme*

ERNAKULAM DISTRICT

49. Kumbalam
50. Peringola, Mangattoor and Thonikkara

TRICHUR DISTRICT

51. Engandiyoor
52. Perinjanam
53. Sreenarayanapuram
54. Thalikulam
55. Vilvattom

PALGHAT DISTRICT

56. Edathanattukara Orphanage
57. Kadampazhipuram
58. Kodavayoor
59. Kozhinjampara
60. Mathur
61. Cherplacherry
62. Nallappilly
63. Thrikkatteri
64. Chelayara

MALAPPURAM DISTRICT

65. Aliparamba
66. Anakayam
67. Ezhuvanthuruthy
68. Nannambra
69. Thuvoor
70. Vazhikkadavu
71. Vettom
72. Edakkara
73. Kavanur
74. Moorkanad
75. Pallikkal
76. Pandikkad
77. Thanaloor
78. Parappanangadi, Thirurangadi and Vallikunnu

KOZHIKODE DISTRICT

79. Chengottukavu
80. Kalpetta
81. Kaniyampetta
82. Poothadi
83. Thuruthupuram

CANNANORE DISTRICT

84. Edavaka
85. Muzhukunnu
86. Panathody
87. Panoor
88. Payyattom
89. Pinarayi

LIBRARY ARCHIVES Kerala Legislative Assembly

APPENDIX B

LIST OF SCHEMES FOR WHICH GRANT-IN-AID IS SANCTIONED

Sl. No.	*Name of Scheme*	*Sl No.*	*Name of Scheme*
1.	Nemom	43.	Kumili
2.	Kadakampally	44.	Malloorkanam
3.	Ottasekharamangalam	45.	Mulakunnu
4.	Aruvikkara	46.	Vellathuval
5.	Kanjiramkulam	47.	Kuttikanam (Pullikunnu)
6.	Kattakkada	48.	Nedumkandam Pampadum-Para
7.	Thirupuram	49.	Udumbanchola
8.	Oachira	50.	Angamali Extension
9.	Pramadom	51.	Karimkulam
10.	Sooranad North	52.	Karimugal Colony
11.	Thrikkadavoor	53.	Karukutty
12.	Koivila	54.	Kottappuram
13.	Kozhancherry	55.	Kunnamangalam
14.	Mylapra	56.	Needikode
15.	Thevalakkara	57.	Parakadavu
16.	Thycattusserry	58.	Edathala and Choornikara
17.	Aruthunkal	59.	Elanji and Puthuveli
18.	Chettikad 2nd Stage	60.	Merady
19.	Kuthiathodu	61.	Nettoor
20.	Punnapra	62.	Keezhumadu
21.	Muhamma	63.	Chelakkara
22.	Kandalloor	64.	Varadian Extn.
23.	Arattupuzha Ward 5 and 6	65.	Vettilappara Ex-Servicemen Colony
24.	Karthikappally	66.	Koorkancherry
25.	Kaviyoor	67.	Edavilangu
26.	Mamala	68.	Cheruthuruthy
27.	Thottapuzhasserry	69.	Eriyad Extn.
28.	Thrikunnapuzha	70.	Nayarangadi
29.	Arattupuzha—Muthukulam	71.	Porathisserry
30.	Kuttoor	72.	Anakara
31.	Amara	73.	Shoranur (Extn.)
32.	Aymanam Wards 7 and 8	74.	Erumayoor
33.	Kummannoor	75.	Palapetti
34.	Mannanam	76.	Ponmundom
35.	Vattukulangara	77.	Cheriyamundom
36.	Kunjithani	78.	Abdul Rahiman Nagar
37.	Parathode	79.	Edarikode
38.	Chathankulam	80.	Mukkadi
39.	Erattupetta	81.	Feroke
40.	Kallara	82.	Chathamangalam
41.	Kanakari	83.	Ongilad
42.	Santhampara	84.	Thettikunnumala

LIBRARY ARCHIVES Kerala Legislative Assembly

APPENDIX B (*Cont.*)

Sl. No.	*Name of Scheme*
85.	Kavumannam Bazaar
86.	Pinangode and Vengappally
87.	Mannanthodi
88.	Kannadi Paramba
89.	Narath
90.	Bakkel Fort
91.	Kumbadji
92.	Puzhuthinnikunnu
93.	Ettikulam and Ezhimala
94.	Mangad
95.	Muthukuda
96.	Palakode
97.	Muzhipilangad
98.	Cherunniyoor
99.	Elakamon
100.	Kalliyoor and Thiruvallom
101.	Pallichal
102.	Pullampara
103.	Vattiyoorkavu
104.	Vellanad
105.	Kuttichal
106.	Marayamuttom
107.	Muttacaud
108.	Navaikulam
109.	Poozhikunnu
110.	Chittumala
111.	Ezhukone
112.	Kareepra
113.	Mullapuzhasserry
114.	Mynagapally
115.	Thodiyoor
116.	Thrikkaruva
117.	Vettikkavala
118.	Aruvappalam
119.	Kadamanthitta
120.	Kadampanad
121.	Kalakode
122.	Kalluvathukkal
123.	Koikkal
124.	Konni
125.	Koonayil
126.	Mayyanad
127.	Nedumpana

Sl. No.	*Name of Scheme*
128.	Parippalli
129.	Ranni Angadi
130.	Ranni Perinad
131.	Chemmeerkara-Mazhuveli
132.	Kottam Kaitha-Kumarapuram
133.	Noornad
134.	Pallithodu
135.	Pandanad
136.	Perumpara
137.	Mararikulam (North)
138.	Mullakuzha
139.	Kumarakom
140.	Lakkattoor
141.	Nattakom
142.	Thottakkadu
143.	Vagamon
144.	Valiayakandom
145.	Vattavada
146.	Kumbalam
147.	Peringole, Mangattoor and Thonikkara
148.	Engandiyoor
149.	Perinjanam
150.	Sreenarayanapuram
151.	Thalikulam
152.	Vilavattom
153.	Edathanattukara
154.	Kadambazhipuram
155.	Koduvayoor
156.	Kozhinjampara
157.	Mathur
158.	Cherplacherry
159.	Mallappilly
160.	Thrikkatteri
161.	Chelavara
162.	Aliparamba
163.	Anakayam
164.	Ezhuvanthuruthy
165.	Nagnambra
166.	Thuvoor
167.	Vazhikkadavu
168.	Vettom
169.	Edakkara

LIBRARY ARCHIVES Kerala Legislative Assembly

APPENDIX B (*Cont.*)

Sl. No.	*Name of Scheme*
170.	Kavanmur
171.	Moorkanad
172.	Pallikkal
173.	Pandikkad
174.	Thanaloor
175.	Chengottukavu
176.	Kalpetta
177.	Kaniyambetta
178.	Poothadi
179.	Thuruthupuram
180.	Edavaka
181.	Muzhakunnu
182.	Panathody
183.	Panoor
184.	Payyattom
185.	Pinarayi
186.	Parappanangadi, Thirurangadi and Vallikunnu

LIBRARY ARCHIVES Kerala Legislative Assembly